**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2189** **21-06-2024 - ൽ മറുപടിയ്ക്ക്**

**വടവുകോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡ്, ആശുപത്രിയുടെ ഒന്നാം നില എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | വടവുകോട് സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനുള്ള തറ കെട്ടി മേൽക്കൂര നിർമ്മിക്കുന്നതിന് വേണ്ടി ട്രസ്സ് ജോലികൾ കഴിഞ്ഞിട്ടുണ്ട്. നിലവിൽ 40% പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>ടി ആശുപത്രിയുടെ ഒന്നാം നിലയിലെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചതിന് ശേഷം ഫാൾസ് സീലിംഗ് പൂർത്തീകരിക്കാനാവും. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ? | (ബി) | പ്രസ്തുത ആശുപത്രിയുടെ ഒന്നാം നിലയിലെ നിർമ്മാണ പ്രവൃത്തികൾ 2024 ജൂലൈ മാസം 20-ാം തീയതിയോട് കൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ